**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4607** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഊരിനുണർവ്വ് കാടിനുണർവ്വ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി പ്രകൃതികളുടെ ഉന്നമനത്തിനായി പ്രഖ്യാപിച്ചിരുന്ന 'ഊരിനുണർവ്വ് കാടിനുണർവ്വ്' പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | 2014-ൽ അന്ന് നിലവിലുണ്ടായിരുന്ന സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് നടപ്പിലാക്കിയ മിഷൻ 676 പദ്ധതിയുടെ ഭാഗമായി കാടിനകത്തുള്ള ആദിവാസി ഉന്നതിയുടെ ഉന്നമനത്തിനായി നടപ്പിലാക്കിയതാണ് ഊരിനുണർവ്വ് കാടിനുണർവ്വ് പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും നടന്നു വരുന്നില്ല. ആദിവാസി ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രസ്തുത പദ്ധതിയിൽ കുടിവെള്ള ലഭ്യത, യാത്രസൗകര്യം മെച്ചപ്പെടുത്തൽ, വീടുകളുടെ അറ്റകുറ്റപണി, വൈദ്യുതീകരണം, ആരോഗ്യ കാര്യങ്ങൾ, വിദ്യാഭ്യാസ ഉന്നമനം, സാമൂഹിക ആവശ്യങ്ങൾക്കുള്ള കേന്ദ്രം, ജൈവ പച്ചക്കറി പ്രോത്സാഹനം, കന്നുകാലിവളർത്തൽ പ്രോൽസാഹനം, തേനീച്ച വളർത്തൽ, തൊഴിൽ പരിശീലനം, വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിലുള്ള പ്രവർത്തികളായിരുന്നു ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഊരിനുണർവ്വ് കാടിനുണർവ്വ് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിൽ സോളാർ എനർജി ഉപയോഗിച്ചുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പച്ചക്കറിവിത്ത് വിതരണം, കോളനി റോഡ് നവീകരണം, ശൗചാലയ നിർമ്മാണം, കുടിവെള്ള പദ്ധതി, അംഗൻവാടി, സ്കൂൾ കെട്ടിട നവീകരണം, മുള ഉപയോഗിച്ചുള്ള കുട്ട, പനമ്പ് നിർമ്മാണം എന്നിവ നടപ്പിലാക്കി.

- കൊല്ലം, സതേൺ സർക്കിളിൽ ടി പദ്ധതിയിലൂടെ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, ആരോഗ്യ സംരക്ഷണ പരിപാടികൾ, വിദ്യാഭ്യാസ സഹായപദ്ധതി, സാമൂഹിക ആവശ്യങ്ങൾക്കുള്ള കേന്ദ്രം, റോഡ് നവീകരണം, വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കൽ എന്നിവ നടപ്പിലാക്കി.

- കോട്ടയം വൈൽഡ്ലൈഫ് സർക്കിളിൽ ടി പദ്ധതിയിലൂടെ മുല്ല, അട്ടത്തോട് ആദിവാസി ഉന്നതിയിലെ കുടിവെള്ള പദ്ധതി, കുഴിമാവ് സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുറ്റിക്കയം കമ്മ്യൂണിറ്റിഹാൾ പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി.

- കോട്ടയം ഹൈറേഞ്ച് സർക്കിളിൽ ടി പദ്ധതിയിലൂടെ താളുകണ്ടം ആദിവാസി കുടിയിൽ ശുചിമുറി, വേലിയാംപാറ ആദിവാസി കുടിയിൽ നടപ്പാതയും, മാങ്ങാപ്പാറ സേവൽകുടിയിൽ റോഡ് കോൺക്രീറ്റ്, കുളമാൻകുഴികുടി, പ്ലാമലകുടി എന്നീ കുടികളിലെ അംഗൻവാടി, ഏകാദ്ധ്യാപിക വിദ്യാലയം എന്നിവയുടെ ശുചിമുറി മെച്ചപ്പെടുത്തൽ എന്നിവയും നടപ്പിലാക്കി.

- തൃശ്ശൂർ സെൻട്രൽ സർക്കിളിൽ ടി പദ്ധതിയിലൂടെ വാഴച്ചാൽ റെയിഞ്ചിലെ പൊകലപ്പാറ കോളനി റോഡിന്റെ അറ്റകുറ്റപണികളും, മുക്കമ്പുഴ നഗറിലെ വീടുകളുടെ വൈദ്യുതീകരണവും നടപ്പിലാക്കി.

- പാലക്കാട് ഈസ്റ്റേൺ സർക്കിളിൽ ടി പദ്ധതിയിലൂടെ സ്കൂളുകളുടെ പുനരുദ്ധാരണം, അംഗൻവാടികളിൽ ഫർണിച്ചർ ലഭ്യമാക്കൽ, റോഡുകളുടെ നവീകരണം, വീടുകളുടെ വൈദ്യുതീകരണം, ഗോണ്ടിയാർകണ്ടിയിലെ മുള ഉൽപ്പന്നങ്ങൾ, ചെറുനെല്ലി കോളനിയിൽ കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കി

- കണ്ണൂർ നോർത്തേൺ സർക്കിളിൽ ടി പദ്ധതിയിലൂടെ നോർത്ത് വയനാട് ഡിവിഷനിൽ വൈദ്യുതീകരണം, സോളാർ ഫെൻസിങ് സ്ഥാപിക്കൽ, കുടിവെള്ളവിതരണ സംവിധാനം, വീടുകൾക്ക് മേൽക്കൂര നിർമ്മാണം, ജൈവ പച്ചക്കറി പ്രോൽസാഹനം, കന്നുകാലി വളർത്തൽ പ്രോത്സാഹനം, തേനീച്ച വളർത്തൽ, തൊഴിൽ പരിശീലനം എന്നിവ നടപ്പിലാക്കി.